ഭരണഭാഷ - മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് &
എഞ്ചിനീയറിംഗ് വിംഗ്
റവന്യൂ കോംപ്ലക്സ് മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം – 33

ഫോൺ: 0471-2324951
0471-2325071
ടെലി ഫാക്സ് – 0471-2324951
ഇമെയിൽ -celsgd@gmail.com
വെബ് സൈറ്റ് www.celsgd.kerala.gov.in

**നം: ജനറൽ/ഇ4/2018/സിഇ/തസ്വഭവ** **തീയതി. 04.03.2021**

## സർക്കുലർ

വിഷയം: തസ്വഭവ(LID & EW) –പെന്റിംഗ് ഫയലുകളിന്മേൽ തീർപ്പുകൽപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന : 04.03.2021 ലെ യോഗ തീരുമാനം.

തദ്ദേശ സ്വയം ഭരണ വകുപ്പ് (LID & EW) നു കീഴിൽ പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികൾ ഉദ്യോഗസ്ഥർക്കെതിരായ പരാതികൾ, അച്ചടക്ക നടപടികൾ എന്നിവയുമായി ബന്ധപ്പെട്ട് ജില്ല/ മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ/ സർക്കിൾ ( നോർത്ത്, സൌത്ത്) എന്നിവിടങ്ങളിലേയ്ക്ക് റിപ്പോർട്ടിനായി നൽകിയിരുന്ന കത്തുകളിന്മേൽ അനാവശ്യ കാലതാമസ്സം വരുത്തുന്നതു കാരണം ഈ കാര്യാലയത്തിൽ നിന്നും സ്വീകരിക്കേണ്ട നടപടികൾ വൈകുന്ന കാര്യം നിരവധി തവണ സർക്കുലറുകളായി ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. പ്രസ്തുത സാഹചര്യം വിഷയങ്ങളിൽ തീർപ്പികൽപ്പിക്കുന്നതിന് കാലതാമസമുണ്ടാക്കുകയും തദ്വാരാ നിരപരാധികളായ ഉദ്യോഗസ്ഥർക്ക് നീതി ലഭിക്കുന്നതിനും അവരുടെ പ്രൊബേഷൻ/പ്രൊമോഷൻ/ഹയർ ഗ്രേഡ്/റിട്ടർമെന്റ് ബെനിഫിറ്റ്സ് തുടങ്ങിയ കാര്യങ്ങൾക്ക് തടസ്സം സൃഷ്ടിക്കുകയും ചെയ്തിരിക്കുകയാണ്. ആയതിന്റെ പരിഹാരമെന്നോണം പെന്റിംഗ് ഫയലുകൾ തീർപ്പാക്കുന്നതിന് ഫയൽ അദാലത്തുകൾ സംഘടിപ്പിച്ചിരുന്നു എന്നാൽ ഈ ഫയൽ അദാലത്തിലും അപൂർണ്ണമായ റിപ്പോർട്ടുകൾ നൽകിയും ആയവ സമർപ്പിക്കാതെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അലംഭാവം കാട്ടിയിട്ടുള്ളതായി വിലയിരുത്തുന്നു.

മേൽ സാഹചര്യത്തിൽ വൈകാതെ തന്നെ ഒരു അദാലത്തുകൂടി സംഘടിപ്പിക്കുവാൻ സൂചന പ്രകാരം തീരുമാനം എടുത്തിരിക്കുകയാണ്. അതിനോടനുബന്ധിച്ച് ഓരോ ജില്ലയിലും പെന്റിംഗ് ഉള്ള ഫയലുകൾ സംബന്ധിച്ച് വിശദമായ അറിയിപ്പ് നൽകുന്നതായിരിക്കും. ആയത് പരിശോധിച്ച് കൃത്യവും വ്യക്തവുമായ റിപ്പോർട്ടുകൾ അവ നൽകുന്നതിനുള്ള നിശ്ചിത സമയ പരിധിക്കുള്ളിൽ കർശനമായും നൽകേണ്ടതാണ്. ഈ കാര്യാലയത്തിന്റെ പരിധിക്കുള്ളിൽ തീർപ്പാക്കാൻ കഴിയുന്ന എല്ലാ ഫയലുകളിലും യാതൊരു കാലതാമസ്സവും കൂടാതെ റിപ്പോർട്ടുകൾ നൽകേണ്ടതാണ്.

അനുവദിക്കുന്ന സമയ പരിധിക്കുള്ളിൽ റിപ്പോർട്ടുകൾ ലഭ്യമാക്കാത്ത പക്ഷം അതാത് നിയന്ത്രണാധികാരികൾക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുന്നതായിരിക്കും. 28.10.2020 ലെ ഇതേ നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുള്ളവ കൂടി ഈ വേളയിൽ പരിഗണിക്കേണ്ടതാണ്.

**ചീഫ് എഞ്ചിനീയർ**

LA.223/21